Draft #4 of File 94554/LEGN -1/2024/LEGN Approved by ASSISTANT REGISTRAR VII (ADMIN) on 06-Sep-2024 04:52 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

MAHATMA GANDHI UNIVERSITY BACHELOR IN BUSINESS ADMINISTRATION BBA, BBA (HONOURS), BBA (HONOURS WITH RESEARCH) REGULATIONS, 2024 (As per AICTE Norms) അംഗീകരിച്ച് ഉത്തരവായത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ലെജിസ്ലേഷൻ സെക്ഷൻ**

നമ്പർ. 8132/LEGN/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.09.2024

---

*പരാമർശം:*-(1) FYUGP നിർവ്വാഹക സമിതി ചെയർമാൻ 27.07.2024 തീയതിയിൽ ബഹു: വൈസ് ചാൻസിലർക്ക് സമർപ്പിച്ച Mahatma Gandhi University Bachelor in Business Administration (BBA, BBA (Honours), BBA (Honours with Research)) Regulations, 2024 (As per AICTE Norms)

(2) 08.08.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 7319/LEGN/2024/MGU.

(3) 13.08.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (24.05) ഇനം നമ്പർ ഒ.എ. 32/24.05/94554/LEGN-1/2024

**ഉത്തരവ്**

All India Council for Technical Education Act 1987 (AICTE Act) -ലെ അദ്ധ്യായം 2-g പ്രകാരം മാനേജ്മെന്റിലും കമ്പ്യൂട്ടർ അപ്ലിക്കേഷനിലുമുള്ള ബിരുദ കോഴ്സുകളും അവയിലുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളും 2024 - 25 അദ്ധ്യയനവർഷം മുതൽ All India Council for Technical Education (AICTE)- യുടെ നിയന്ത്രണത്തിലായിരിക്കും. ആയതിൻപ്രകാരം മാനേജ്മെന്റിലും കമ്പ്യൂട്ടർ അപ്ലിക്കേഷനിലും ബിരുദ കോഴ്സുകൾ നടത്തുന്നതും നടത്താനുദ്ദേശിക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളും 2024-25 അക്കാദമിക വർഷം മുതൽ AICTE അംഗീകാരം നേടേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള മാനേജ്മെന്റിൽ ബിരുദ കോഴ്സുകൾ നിലവിൽ നടത്തുന്ന കോളേജുകളും പ്രസ്തുത കോഴ്സ് നടത്തുവാനുദ്ദേശിക്കുന്ന നിലവിലുള്ള/പുതിയ കോളേജുകളും 2024 ഏപ്രിൽ, ജൂലൈ മാസങ്ങളിൽ AICTE പുറപ്പെടുവിച്ചിട്ടുള്ള പാഠ്യ പദ്ധതി ചട്ടക്കൂടുകൾ പിന്തുടരേണ്ടതുണ്ട്.

തുടർന്ന് All India Council for Technical Education (AICTE) റെഗുലേഷനുകൾ നടപ്പിലാക്കുന്നതിലേക്കായി സർവ്വകലാശാല, ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം സമിതി കരട് ചട്ടങ്ങൾ (MAHATMA GANDHI UNIVERSITY BACHELOR IN BUSINESS ADMINISTRATION BBA, BBA (HONOURS), BBA (HONOURS WITH

RESEARCH) REGULATIONS, 2024 (As per AICTE Norms) - MGU_BBA, BBA (Honours), BBA (HONOURS WITH RESEARCH)) സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത ചട്ടങ്ങൾ ബഹു: വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, ചാപ്റ്റർ III വകുപ്പ് 10 (17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് അംഗീകരിക്കുകയും, ആയത് പരാമർശം (2) സർവ്വകലാശാലാ ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസിലർ സ്വീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, അദ്ധ്യായം V, വകുപ്പ് 40 (1) -ലെ വ്യവസ്ഥകൾക്ക് വിധേയമായി, പരാമർശം (3) പ്രകാരം സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്മിത വി എം

അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലർ, പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പി എസ്സ് -മാർ
2.രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ -മാർ.
3.ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ /ഡെപ്യൂട്ടി രജിസ്ട്രാർ /അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷ/അക്കാദമിക്/ഭരണം)
4.ബന്ധപ്പെട്ട സെക്ഷനുകൾ
5.എ.സി.സി..- I/ II സെക്ഷൻ.
6.എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പൽമാർ.
7.പി.ആർ.ഓ. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
8. ഐ . ക്യൂ . എ . സി .
9. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #4 of File 94554/LEGN -1/2024/LEGN Approved by ASSISTANT REGISTRAR VII (ADMIN) on 06-Sep-2024 04:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം